"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - വയനാട് ജില്ല - പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ഷീൻ തോമസിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1064/2023/LSGD    തീയതി,തിരുവനന്തപുരം, 19-05-2023

---

പരാമർശം:-

1. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 17/06/2015 തീയതിയിലെ CTP(Vig) No. 1019/14 (6) നമ്പർ റിപ്പോർട്ട്.
2. പഞ്ചായത്ത് ഡയറക്ടറുടെ 03/01/2022 ലെ PAN/3594/2020-D11(DP) നമ്പർ കത്ത്.
3. സ.ഉ.(സാധാ)നം. 1087/2022/തസ്വഭവ തീയതി 30/04/2022.
4. സർക്കാരിന്റെ 29/05/2022 തീയതിയിലെ ഇപിബി3/213/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. ശ്രീ. ഷീൻ തോമസ് 13/07/2022 ൽ സമർപ്പിച്ച എതിർവാദ പത്രിക.
6. പഞ്ചായത്ത് ഡയറക്ടറുടെ 19/07/2022 ലെ PAN/3594/2020-D11(DP) നമ്പർ കത്ത്.
7. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 09/05/2023 ലെ A1-3/38/2022-KPSC നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണം സംബന്ധിച്ച് പരിശോധന നടത്തി ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ഷീൻ തോമസിനെതിരെ പഞ്ചായത്ത് ഡയറക്ടർ കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. പ്രസ്തുത കുറ്റപത്രത്തിന് ടിയാൻ മറുപടി ലഭ്യമാക്കുകയും മറുപടിയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

30/04/2018- ന് ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെയുള്ള അച്ചടക്കനടപടി തുടരുന്നതിന് മുമ്പ് ആരോപണങ്ങളുടെ നിജസ്ഥിതി സംബന്ധിച്ച് ഔപചാരികാന്വേഷണം നടത്തുന്നതിന് പരാമർശം (3) പ്രകാരം വയനാട് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

പ്രസ്തുത റിപ്പോർട്ടിൽ ടിയാൻ സെക്രട്ടറിയുടെ അധിക ച്ചുമതല വഹിച്ചിരുന്ന കാലയളവിൽ ശ്രീ. സി.കെ. ഉസ്മാൻ എന്നവരുടെ ഉടമസ്ഥതയിലുള്ള സൗദി മെറ്റൽസ് എന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന കെട്ടിടം, ഫെഡറൽ ബാങ്കിനു സമീപമുള്ള ശ്രീ.എ.കെ. മുഹമ്മദാലി ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മിക്കുന്ന കെട്ടിടം, മുക്കാടൻകണ്ട് ഉസ്മാൻ എന്നവരുടെ കെട്ടിടം, എന്നിവിടങ്ങളിൽ നടത്തിയ അനധികൃത നിർമ്മാണത്തിന് എതിരെ സ്വീകരിച്ച നടപടികളുടെ ഫയൽ പഞ്ചായത്തിൽ നിന്ന് ലഭ്യമായിട്ടില്ല എന്നും പ്രസ്തുത ഫയലുകൾ തിരികെ ലഭിക്കാത്തവിധം നഷ്ടപ്പെട്ടിരിക്കുന്നു എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. പരിശോധനാ സമയത്ത് ഇതുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമായ ഫയൽ പരിശോധിച്ചതിൽ നിന്നും കുറ്റാരോപണ പത്രികയിൽ പരാമർശിച്ച മൂന്നു കെട്ടിട ഉടമകൾക്കും അനധികൃത നിർമ്മാണം നിർത്തി വയ്ക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് കണ്ടെത്തുവാൻ സാധിച്ചു. പ്രസ്തുത നോട്ടിസ് കെട്ടിട ഉടമകൾക്ക് അയച്ചു നൽകിയിട്ടുണ്ടോയെന്നും നോട്ടിസ് കെട്ടിടത്തിൽ പതിച്ചു നടത്തിയതോ കെട്ടിട ഉടമയ്ക്ക് നേരിട്ട് കൈമാറിയതോ എന്നത് നോട്ടീസിന്റെ പകർപ്പ് പരിശോധിച്ചതിൽ നിന്നും വ്യക്തമല്ല. ചട്ടം 20 ൽ പരാമർശിക്കുന്ന വ്യവസ്ഥകൾ എതിർവാദ പത്രികയോടൊപ്പം സമർപിച്ച നോട്ടീസിൽ പാലിക്കപ്പെട്ടതായി കാണുന്നില്ല. ചട്ടങ്ങൾ വ്യക്തമായി പാലിക്കാതെ വളരെ ലാഘവത്തോടുകൂടി ഇത്തരം നോട്ടിസുകൾ തയ്യാറാക്കിയത് സെക്രട്ടറിയുടെ ചുമതലയുണ്ടായിരുന്ന ടിയാന്റെ നിരുത്തരവാദത്ത്വവും ജാഗ്രതക്കുറവാണ്.

മേൽ വസ്തുതകൾ പരിഗണിച്ച് ടിയാന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ട് എന്ന് കണ്ട് കെ.എസ്.ആർ പാർട്ട് III ചട്ടം 3 (a) പ്രകാരം പ്രസ്തുത വീഴ്ചകൾക്ക് ആനുപാതികമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 700/- രൂപാ വീതം 5 വർഷത്തേക്ക് കുറവ് വരുത്തുന്നതിന് താൽക്കാലികമായി തീരുമാനിച്ച് ഔപചാരിക അന്വേഷണ റിപ്പോർട്ട് സഹിതം പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് ടിയാൻ പരാമർശം (5) പ്രകാരം മറുപടി ലഭ്യമാക്കുകയും മറുപടിയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു.

ടിയാൻ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന കാലയളവിൽ പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിൽ അനധികൃതനിർമ്മാണം നടത്തിയതിന് എതിരെ സ്വീകരിച്ച നടപടികളെ കുറിച്ച് ടിയാന്റെ ഏതിർവാദ പത്രികയിൽ ഒന്നും പറയുന്നില്ല. ടിയാൻ സെക്രട്ടറിയായി ചുമതലയുണ്ടായിരുന്നപ്പോൾ അനധികൃതനിർമ്മാണവുമായി ബന്ധപ്പെട്ട് വീഴ്ച സംഭവിച്ചിട്ടുണ്ട് എന്നത് വസ്തുതയാണെങ്കിലും സർവ്വീസിൽനിന്ന് വിരമിച്ച ജീവനക്കാരനാണെന്ന പരിഗണന നൽകി ടിയാന്റെ ഇപ്പോഴത്തെ ജീവിത സാഹചര്യങ്ങളും ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് നടപ്പാക്കിയ ശിക്ഷയിൽ ഇളവ് നൽകി അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ഷീൻ തോമസിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 700/- രൂപാ വീതം 5 വർഷത്തേക്ക് കുറവ് വരുത്തുന്നതിന് എടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിൽ കേരള പബ്ലിക് സർവ്വീസ്

കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞതിൽ കമ്മീഷൻ സർക്കാരിന്റെ താത്ക്കാലിക തീരുമാനത്തോട് പരാമർശം (7) പ്രകാരം യോജിപ്പ് അറിയിച്ചിട്ടുണ്ട്. കൂടാതെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM)No. 547/2022 നമ്പർ കേസിലെ 31/05/2022 തീയതിയിലെ ഉത്തരവ് സമയബന്ധിതമായി നടപ്പിലാക്കേണ്ടതുമുള്ളതിനാൽ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. ഷീൻ തോമസിനെതിരെ ആരംഭിച്ച അച്ചടക്ക നടപടികളിൽ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 700/- രൂപാ വീതം 5 വർഷത്തേക്ക് കുറവ് ചെയ്തുകൊണ്ട് KSR Part III Rule 3 (a) പ്രകാരം സർക്കാർ എടുത്ത തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു. തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് ഡയറക്ടർ ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. ഷീൻ തോമസ്, മുൻ അസിസ്റ്റന്റ് സെക്രട്ടറി, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്, വയനാട്. (ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ), തിരുവനന്തപുരം മുഖേന).
3. ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, വയനാട്.
4. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/213/2018/തസ്വഭവ നമ്പർ ഫയലിലേക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Noushad M
സെക്ഷൻ ഓഫീസർ
Date: 19-05-2023 15:41:14